| 11-09-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

## മധുരമായ കുട്ടികളേ - ഇപ്പോൾ നാടകം പൂർത്തിയാവുകയാണ്, വീട്ടിലേയ്ക്ക് പോകണം, അതിനാൽ ശരീരമാകുന്ന വസ്ത്രത്തെ മറന്നേ പോകൂ, സ്വയം അശരീരി ആത്മാവാണെന്നു മനസ്സിലാക്കൂ.

**ചോദ്യം:-** മറ്റ് യുഗങ്ങളിലൊന്നും ഇല്ലാത്ത ഏതൊരു അത്ഭുതകരമായ കളിയാണ് സംഗമയുഗത്തിൽ നടക്കുന്നത്?

**ഉത്തരം:-** വേർപിരിയുന്നതിന്റെ. രാമൻ രാവണനിൽ നിന്നും മുക്തമാക്കുന്നു. രാവണൻ പിന്നീട് രാമനിൽ നിന്നും വിടുവിക്കുന്നു. ഇത് വളരെ അത്ഭുതകരമായ കളിയാണ്. ബാബയെ മറക്കുന്നതിനാൽ മായയുടെ പ്രഭാവം ഉണ്ടാകുന്നു അതിനാലാണ് ബാബ പഠിപ്പിക്കുന്നത്- കുട്ടികളേ, തന്റെ സ്വധർമ്മത്തിൽ നിലനിൽക്കൂ, ദേഹസഹിതം ദേഹത്തിന്റെ സർവ്വധർമ്മങ്ങളും മറക്കൂ. ഓർമ്മയുടെ കാര്യത്തിൽ നല്ല പുരുഷാർത്ഥം ചെയ്യൂ. ദേഹീ അഭിമാനിയായി മാറൂ.

**ഗീതം:-** ആരാണോ പ്രിയനോടൊപ്പം......

**ഓംശാന്തി**. മധുര മധുരമായ കുട്ടികൾ നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച് ഗീതം കേട്ടോ. ഓരോ കാര്യത്തിലും നമ്പർപ്രകാരം എന്ന് പറയുന്നു എന്തുകൊണ്ടെന്നാൽ ഇത് കോളേജാണ് അല്ലെങ്കിൽ യൂണിവേഴ്സിറ്റി എന്നും പറയാം, കൂടെത്തന്നെ സത്യമായ സത്സംഗവുമുണ്ട്, സത്യം എന്നു പറയുന്നത് ഒന്നിനെയാണ്. ആ ഒന്ന് ഒരു തവണ മാത്രമാണ് വരുന്നത്. ഇപ്പോൾ ഈ സമയത്ത് നിങ്ങൾ സത്യം സത്യമായി പറയുന്നു ഞങ്ങൾക്ക് സത്യവുമായാണ് സംഗമെന്ന്. നിങ്ങൾ ബ്രാഹ്മണർ തന്നെയാണ് ആ സത്യം പറയുന്ന ജ്ഞാനസാഗരനു സന്മുഖം ഇരിക്കുന്നത്. പാടാറുണ്ട് ആരാണോ പ്രിയതമനോടൊപ്പം ഇരിക്കുന്നത് അവർക്കായാണ് ജ്ഞാനമഴ. പ്രിയൻ എന്ന് പിതാവിനെയാണ് പറയുന്നത്. നിങ്ങൾ കുട്ടികളുടെ സന്മുഖത്ത് പ്രിയന്റെ ജ്ഞാനമഴയാണ്. നിങ്ങൾ കുട്ടികൾക്ക് തീർച്ചയായും അറിയാം ജ്ഞാനസാഗരൻ, പതീതപാവനൻ ഇപ്പോൾ നമ്മുടെ സന്മുഖത്താണ്. നമ്മൾ ഇപ്പോൾ പതീതത്തിൽ നിന്നും പാവനം അഥവാ മുള്ളിൽ നിന്നും പുഷ്പമായി മാറിക്കൊണ്ടിരിക്കുകയാണ്. പുഷ്പമായി മാറിക്കഴിഞ്ഞാൽ പിന്നെ ഈ ശരീരം ഉണ്ടാകില്ല. പൂമൊട്ട് പതുക്കെ പതുക്കെ വിരിയുന്നു. പെട്ടെന്ന് വിരിയില്ല. വിരിഞ്ഞ് വിരിഞ്ഞ് പൂർണ്ണ പുഷ്പമായി മാറുന്നു. ഇപ്പോൾ ആരും സമ്പൂർണ്ണ പുഷ്പമായി മാറിയിട്ടില്ല, അതാണ് കർമ്മാതീത അവസ്ഥ. അവസാനമാകുമ്പോഴേയ്ക്കും ദേഹീ അഭിമാനിയായി മാറും. ഇപ്പോൾ നിങ്ങൾ എല്ലാവരുടേയും പുരുഷാർത്ഥം നടന്നുകൊണ്ടിരിക്കുകയാണ്. അച്ഛനാണ് പാരലൗകിക പിതാവ്. ഇവർ രണ്ടുപേരും സംഗമയുഗത്തിലെ അലൗകിക മാതാ പിതാവാണ്. ചിലർ മുള്ളുകളാണ്, ചിലർ പൂമൊട്ടുകളുമാണ്. പൂമൊട്ടിന് വിരിയാൻ സമയമെടുക്കുന്നു. നിങ്ങൾ എല്ലാവരും നമ്പർവൈസ് പൂമൊട്ടുകളാണ്, പൂക്കളായി മാറുന്നവരാണ്. ചിലർ നല്ലരീതിയിൽ വിരിഞ്ഞിട്ടുണ്ട്, ചിലർ പകുതിയും. ഒരു ദിവസം പൂർണ്ണമായി വിരിയുക തന്നെ ചെയ്യും. പൂന്തോട്ടമല്ലേ. അറിയാം നമ്മൾ മുള്ളിൽ നിന്നും പൂമൊട്ടായി മാറി, ഇനി പുഷ്പമാകും അതിനുള്ള പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ്. ചിലർ മൊട്ടായിരിക്കെത്തന്നെ അവസാനിക്കുന്നു, ചിലർ കുറച്ച് വിരിഞ്ഞശേഷം അവസാനിക്കുന്നു. മായയുടെ ശക്തിശാലിയായ കൊടുങ്കാറ്റ് വരുന്നു. സെന്റർ തുറന്നിട്ടുപോലും ചിലർ നിന്നുപോകുന്നു, വീണുപോകുന്നു. മായ വളരെ സമർത്ഥനാണ്. ഇത് രാമനും രാവണനും തമ്മിലുള്ള പന്തയമാണ്. രാമ രാമാ എന്നു വിളിക്കാറുണ്ട്. എന്നാൽ ത്രേതായുഗത്തിലെ രാമനെയല്ല ഓർമ്മിക്കുന്നത്. ഇവിടെ രാമ രാമാ എന്നു വിളിക്കുന്നത് പരമാത്മാവിനേയാണ്. രാവണനുമായി രാമന്റെ യുദ്ധം നടക്കുകയാണ്. അച്ഛനാണ് രാമൻ, രാവണൻ ശത്രുവായ മായയും. മായയും അതിസമർത്ഥനാണ്. ഇത് പരസ്പരം മുക്തമാക്കുന്നതിനുള്ള കളിയാണ്. രാമൻ നമ്മെക്കൊണ്ട് മായാരാവണനെ ഉപേക്ഷിപ്പിക്കുന്നു. മായ പിന്നീട് നമ്മളെക്കൊണ്ട് അച്ഛനായ രാമനെ ത്യാഗം ചെയ്യിക്കുന്നു. ബാബ പറയുന്നു ദേഹസഹിതം ദേഹത്തിന്റെ ഏതെല്ലാം സംബന്ധികളുണ്ടോ എല്ലാവരേയും ബുദ്ധികൊണ്ട് ത്യാഗം ചെയ്യൂ. സർവ്വ ധർമ്മാൻ.... ഞാൻ ഇന്നയാളാണ്, ഇന്ന ധർമ്മത്തിലേതാണ്- ഇതെല്ലാം മറന്ന് സ്വധർമ്മത്തിൽ സ്ഥിതിചെയ്യൂ. ദേഹത്തിന്റെ സർവ്വധർമ്മങ്ങളേയും മറന്ന് സ്വയം ഒറ്റയ്ക്കാണെന്നു മനസ്സിലാക്കൂ. ഈ ലോകത്തിലെ സർവ്വ വസ്തുക്കളേയും ത്യാഗം ചെയ്യിക്കുന്നു. അശരീരിയായി മാറൂ. എന്റേതായി മാറി എന്നെ ഓർമ്മിക്കൂ. ബാബയെ മറന്നാൽ മായയുടെ കറക്കത്തിൽ പെട്ടുപോകും. അതിനാൽ ബാബയെ ഓർമ്മിക്കുന്നതിൽ കൂടുതൽ പുരുഷാർത്ഥം ചെയ്യൂ. മായയും സമർത്ഥനാണ്. ബാബയുടേതായിട്ടുപോലും മായ ബാബയിൽ നിന്നും വിടുവിച്ച് കൊണ്ടുപോകുന്നു. ബാബയെ ആരും ഉപേക്ഷിച്ച് പോകരുത്. നിങ്ങൾ അരകല്പം എന്നെയാണ് ഓർമ്മിച്ചുവന്നത്. നിങ്ങളാണല്ലോ സമ്പൂർണ്ണ ഭക്തർ. ഭക്തിയും

നിങ്ങൾ തന്നെയാണ് ആരംഭിച്ചത്. അതിനാൽ ബാബവന്ന് മായയിൽ നിന്നും വിടുവിക്കുന്നു. പറയുന്നു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കു. ഈ വസ്ത്രത്തെ(ശരീരം) മറന്നുകൊണ്ട്പോകു. ഇപ്പോൾ നമുക്ക് പോകണം, ഇതുമാത്രം. ആ നാടകത്തിലും അഭിനേതാക്കൾ ഉണ്ടാകും. അവർക്കും അറിയാൻ പറ്റും ഇനി 5–10 മിനിറ്റിനുള്ളിൽ ഞങ്ങളുടെ കളി കഴിയും അതിനുശേഷം വീട്ടിലേയ്ക്ക് പോകാം. കളി പൂർത്തിയാകാനാവുമ്പോഴാണ് ഇത് ബുദ്ധിയിൽ വരുന്നത്, തുടക്കത്തിലല്ല. നിങ്ങളും മനസ്സിലാക്കുന്നുണ്ട് നമ്മുടെ 84 ജന്മങ്ങൾ പൂർത്തിയായി. ബാക്കി ഇനി എത്ര സമയമുണ്ടാകും? നിങ്ങൾ പറയും ഞങ്ങൾ എപ്പോഴാണ് സുഖധാമം അഥവാ സത്യയുഗത്തിലേയ്ക്ക് പോവുക? പക്ഷേ ബാബ പറയുന്നു ഈ ജീവിതത്തേയാണ് വിലപ്പെട്ടത്, അമൂല്യം എന്ന് പറയുന്നത്. നിങ്ങൾ ശ്രീമതം അനുസരിച്ച് വളരെ വലിയ സേവനം ചെയ്യുകയാണ്. നിങ്ങൾ പാണ്ഡവർ മാത്രമാണ് ശ്രീമതത്തിലൂടെ നടക്കുന്നത്. ഗീത മുതലായവയിൽ ഈ കാര്യങ്ങളില്ല. ഈ ബാബ വളരെ അധികം ശാസ്ത്രങ്ങൾ പഠിച്ചിട്ടുണ്ട്, ഗുരുവിന്റെ അടുത്ത് പോയിട്ടുണ്ട്. എല്ലാ അഭിനേതാക്കളുടേയും അഭിനയം എന്തെല്ലാമെന്ന് നിങ്ങൾക്കറിയാം. ശാസ്ത്രം പിന്നീടാണ് ഇരുന്ന് ഉണ്ടാക്കുന്നത്. അവർക്ക് എന്ത് അറിയാം? ഇതും ഡ്രാമയിൽ കളി ഉണ്ടാക്കിയിരിക്കുകയാണ്. ഗീത, ഭാഗവതം എല്ലാം അതിന്റേതായ സമയം വരുമ്പോൾ ആവർത്തിക്കും. ഗീതയാണ് അമ്മയും അച്ഛനും. ഗീതയെയാണ് മാതാവെന്നു പറയുന്നത്. ബാക്കി ഒരു പുസ്തകത്തേയും മാതാവ് എന്ന് പറയാറില്ല. ഇതിന്റെ പേര് തന്നെ ഗീതാമാതാവ് എന്നാണ്. ശരി, ഇത് ആരാണ് രചിച്ചത്? ആദ്യം പുരുഷൻ പത്നിയെ സ്വീകരിക്കുമല്ലോ. പുരുഷൻ വിവാഹം കഴിക്കുമ്പോൾ പറയുന്നു ഇത് എന്റെ പത്നിയാണ്. എങ്കിൽ രചയിതാവായില്ലേ. പിന്നീട് അവർക്ക് പത്നിയിലൂടെ കുട്ടികൾ ഉണ്ടാകുമ്പോഴും പറയും ഇവർ എന്റെയാണ്. കുട്ടികളും പറയും ഇത് ഞങ്ങളുടെ അച്ഛനാണ്. നിങ്ങളും ബാബയുടെ മുഖവംശാവലികളാണ്. പറയുന്നു– ബാബാ, ഞങ്ങൾ അങ്ങയുടേതാണ്. ഇത്രയും സമയം ഞങ്ങൾ മായയുടെ മതപ്രകാരം നടന്നുവന്നു, ഇപ്പോൾ അങ്ങയുടെ മതപ്രകാരം നടക്കും. മായ ഒരിയ്ക്കലും മുഖത്തിലൂടെ മതമൊന്നും നൽകില്ല, അങ്ങിനെ ചെയ്യിപ്പിക്കുന്നു. ഇവിടെ ബാബ ഇരുന്ന് മുഖത്തിലൂടെ എല്ലാം മനസ്സിലാക്കിത്തരുന്നു.

നിങ്ങൾ എല്ലാവരും ഭാരതവാസികളാണ്. നിങ്ങൾക്കറിയാം ഭാരതം കിരീടധാരിയായിരുന്നു. ഇപ്പോൾ രണ്ട് കിരീടങ്ങളുമില്ല. പവിത്രവുമല്ല, അപവിത്രവുമല്ല. ഹെർ ഹോളിനെസ്സ്, ഹിസ്സ് ഹോളിനസ്സ് എന്നെല്ലാം പറയാറുണ്ട്. സ്ത്രീ– പുരുഷൻ രണ്ടുപേരേയും പറയുന്നു. സന്യാസിമാരെ ഹിസ് ഹോളിനസ്സ് എന്ന് പറയുന്നു. എന്നാൽ പ്രവർത്തിമാർഗ്ഗമല്ല. പ്രവൃത്തി മാർഗ്ഗത്തിൽ പതിയും പത്നിയും പവിത്രമായിരിക്കുന്നു. സത്യയുഗത്തിൽ ഇതുപോലെ രണ്ടുപേരും പവിത്രമായിരിക്കുന്നു, ഇതിനെയാണ് സമ്പൂർണ്ണ പവിത്രത എന്നു പറയുന്നത്. ആത്മാവും ശരീരവും പവിത്രമായിരിക്കും. ഇവിടെ പതീതലോകത്തിൽ രണ്ടും പവിത്രമായിരിക്കുക സാധ്യമല്ല. അതിനാൽ നിങ്ങൾ ഇപ്പോൾ അച്ഛന്റെ സന്മുഖത്ത് കേട്ടുകൊണ്ടിരിക്കുകയാണ്, ഇതിനെയാണ് ജ്ഞാനമഴ എന്നു പറയുന്നത്. അത് വിഷത്തിന്റെ മഴയാണ്, ഇത് ജ്ഞാനാമൃതത്തിന്റെ മഴയാണ്. അമൃത് ഉപേക്ഷിച്ച് വിഷം എന്തിനാണ് കുടിക്കുന്നത്– എന്ന് പാടാറുണ്ടല്ലോ. നിങ്ങൾക്ക് ഇപ്പോൾ ജ്ഞാനാമൃതം ലഭിക്കുകയാണ്. ഭക്തിമാർഗ്ഗത്തിൽ വെറുതേ പാടിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ നിങ്ങൾക്ക് പ്രാക്ടിക്കലിൽ ജ്ഞാനാമൃതം ലഭിക്കുകയാണ് അതിനാലാണ് അമൃതസർ എന്ന പേരുവന്നത്. ബാക്കി കുളങ്ങളാണെങ്കിൽ മറ്റ് അനേകമുണ്ട്. മാനസരോവരവും ഉണ്ടല്ലോ. മാനസരോവരം മനുഷ്യരുടെ സരോവരമല്ല. ഇതാണ് ജ്ഞാനാമൃതത്തിന്റെ സരോവരം, ഇതിനെ ജ്ഞാന മാനസരോവരം എന്നു പറയുന്നു. ജ്ഞാനസാഗരവുമുണ്ട്. ചിലർ നദികൾ, ചിലർ കനാലുകൾ, ചിലർ കുളങ്ങളാണ്. നമ്പർവൈസല്ലേ. കുട്ടികൾ മനസ്സിലാക്കി കല്പം മുമ്പും ബാബ മനസ്സിലാക്കിത്തന്നിരുന്നു വീണ്ടും ഇപ്പോൾ മനസ്സിലാക്കിത്തരുകയാണ്. നമ്മൾ ബാബയിൽ നിന്നും രാജയോഗം പഠിക്കുകയാണ് എന്ന് നിങ്ങൾ നിശ്ചയം ചെയ്യുന്നു. ഇതിലൂടെ നമ്മൾ കല്പം മുമ്പും സ്വർഗ്ഗത്തിന്റെ അധികാരിയായിരുന്നു. പ്രജയും പറയും ഞങ്ങൾ അധികാരികളാണ്. ഭാരതവാസികൾ പറയാറില്ലേ നമ്മുടെ ഭാരതം സർവ്വശ്രേഷ്ഠമാണെന്ന്. ഇപ്പോൾ നമ്മുടെ ഭാരതം ഏറ്റവും താഴെയാണ്. നമ്മുടെ ഭാരതം മുമ്പ് വളരെ ശ്രേഷ്ഠാചാരിയായിരുന്നു ഇപ്പോൾ ഏറ്റവും ഭ്രഷ്ടാചാരിയായിരിക്കുന്നു. ബാക്കി ഒരു ഖണ്ഡത്തിന്റെ കാര്യത്തിലും ഇങ്ങനെ പറയാറില്ല. എല്ലാ ധർമ്മത്തിലുള്ളവർക്കും അറിയാം ഭാരതം പ്രാചിനമായിരുന്നു അപ്പോൾ ഞങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. സത്യയുഗത്തിൽ കേവലം ഭാരതവാസികൾ മാത്രമേ ഉണ്ടാകൂ. പാടുന്നുണ്ട്, ക്രിസ്തുവിന് 3000 വർഷങ്ങൾക്ക് മുമ്പ് ഭാരതം മാത്രമായിരുന്നു, അപ്പോൾ മറ്റ് ധർമ്മങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല, പുതിയ ലോകത്തിൽ പുതിയ ഭാരതമായിരുന്നു. ഇപ്പോൾ പഴയ ഭാരതമാണ്. ഭാരതം സ്വർഗ്ഗമായിരുന്നു. പക്ഷേ ആരുടേയും ബുദ്ധിയിൽ പൂർണ്ണമായി ഇരിക്കുന്നില്ല. ഇത് മനസ്സിലാക്കേണ്ട സഹജമായ കാര്യമാണ്. ബാബ നിങ്ങൾക്ക് മനസ്സിലാക്കിത്തരുകയാണ്. നിങ്ങൾ പ്രാക്ടിക്കലിൽ കർത്തവ്യങ്ങൾ ചെയ്യുകയാണ്. നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച് സത്യം സത്യമായ വ്യാസനായി മാറണം. സത്യമായ ഗീത കേൾപ്പിക്കണം. നിങ്ങൾക്ക് പുസ്തകം മുതലായവയൊന്നും കൈയ്യിൽ എടുക്കേണ്ടതില്ല. നിങ്ങൾ രൂപ്–ബസന്താണ്. നിങ്ങളുടെ ആത്മാവ്

അച്ഛനിൽ നിന്നും ഗീതാജ്ഞാനം കേട്ടുകൊണ്ടിരിക്കുകയാണ്. നിങ്ങളുടെ ബുദ്ധിയിൽ ബാബ മാത്രമേയുള്ളു മറ്റ് ഗുരു പണ്ഢിതരോ സാധു സന്യാസിമാരോ നിങ്ങളുടെ ബുദ്ധിയിൽ ഇല്ല. നിങ്ങൾ പറയും ഞങ്ങൾ ജ്ഞാനസാഗരനായ പരമപിതാ പരമാത്മാവിൽ നിന്ന് കേട്ടുകൊണ്ടിരിക്കുകയാണ്, അവരെത്തന്നെയാണ് സത്ശ്രീ അകാൽ എന്ന് പറയുന്നത്. ഈ വാക്ക് എത്ര മധുരമാണ്. സിക്കുകാർ വളരെ ഉറക്കെ വിളിക്കും സത്ശ്രീ അകാൽ....

ഇവിടെ നിങ്ങൾ സത്യമായ ജ്ഞാനനൃത്തം ചെയ്യുകയാണ് അതിനാലാണ് പറയുന്നത് സത്യതയുള്ളവർ സദാ നൃത്തം ചെയ്യും, (സത്യമായവർ സന്തോഷത്തിൽ നൃത്തം വെച്ചുകൊണ്ടിരിക്കും) പിന്നീട് നിങ്ങൾ അവിടെച്ചെന്ന് രാസവിലാസം ചെയ്യും. മീരയും ധ്യാനത്തിൽ നൃത്തം ചെയ്യുമായിരുന്നു. പക്ഷേ അവർ ഭക്തിയാണ് ചെയ്തത്. നിങ്ങൾ ഭക്തിയൊന്നും ചെയ്യുന്നില്ല. ദിവ്യദൃഷ്ടി ദാതാവായ ബാബ സ്വയം നിങ്ങളെ പഠിപ്പിക്കുകയാണ്. വളരെ കുട്ടികൾ സാക്ഷാത്ക്കാരം ചെയ്യുന്നതിനാൽ മനുഷ്യർ കരുതുന്നത് ഇവിടെ ഇന്ദ്രജാലമാണെന്നാണ്. കുട്ടികൾ പഠിക്കുന്ന സമയത്ത് ചുറ്റിക്കറങ്ങാറുണ്ടല്ലോ. നിങ്ങൾക്കും ഇത് ഒരു കളിപോലെയാണ്. ഇത് ഒരു പഠനവിഷയമല്ല ഇതിന് മാർക്ക് തരാൻ. കളിക്കുന്നതിനും വിനോദിക്കുന്നതിനും മാർക്ക് ലഭിക്കാറില്ല. അതുപോലെ ഇവിടെയും ആരാണോ ഈ കളിയിൽ മുഴുകിയിരിക്കുന്നത് അവർക്ക് ജ്ഞാനത്തിന്റെ മാർക്ക് ലഭിക്കില്ല. ഇവിടെയുള്ള കളികളെ അവ്യക്തമായ കളികൾ എന്നാണ് പറയുക. അത് വ്യക്തത്തിലുള്ള കളികൾ, ഇത് അവ്യക്തത്തിലുള്ള കളികൾ. രാസലീല നടത്തുന്നവർക്ക് മാർക്ക് ലഭിക്കില്ല അതുകൊണ്ടാണ്  ബാബ പറയുന്നത് ധ്യാനത്തേക്കാൾ ജ്ഞാനമാണ് നല്ലതും ശ്രേഷ്ഠമായതും. ധ്യാനം കേവലം പരമമായ ലക്ഷ്യത്തിന്റെ സാക്ഷാത്ക്കാരം മാത്രമാണ്. ഇത് രാജയോഗമാണ്. ലക്ഷ്യം ബുദ്ധിയിലുണ്ട്. ലോകരാണെങ്കിൽ ഈ കണ്ണുകൾ കൊണ്ടാണ് കാണുന്നത് – ഞങ്ങൾ ഇന്നതായി മാറും. ഇവിടെ നിങ്ങളുടേത് ഭാവിയിലേയ്ക്കുള്ള ലക്ഷ്യമാണ്. രാജകുമാരനും രാജകുമാരിയുമായി മാറണം. അഥവാ ഒരാൾ ലക്ഷ്യമൊന്നുമില്ലാതെ കോളേജിൽ ഇരിക്കുകയാണെങ്കിൽ അവരെ എന്താണ് പറയുക? ഭാരതത്തിലുള്ള മറ്റ് സത്സംഗങ്ങളിലൊന്നും ലക്ഷ്യമെന്നതില്ല. ഇതിനെ പാഠശാല എന്നോ യൂണിവേഴ്സിറ്റി എന്നോ പറയാവുന്നതാണ്. സത്സംഗങ്ങളെ സാധാരണ പാഠശാല എന്ന് പറയാറില്ല.

നിങ്ങൾ കുട്ടികൾക്ക് അറിയാം നമ്മൾ പതീതപാവനനായ ഈശ്വരീയ പിതാവിന്റെ യൂണിവേഴ്സിറ്റിയിൽ പഠിക്കുകയാണ്. നിങ്ങൾ മുഴുവൻ വിശ്വത്തേയും പവിത്രമായ സ്വർഗ്ഗമാക്കി മാറ്റുകയാണ്. നിങ്ങൾക്കുവേണ്ടിത്തന്നെയാണ് വിശ്വത്തെ സ്വർഗ്ഗമാക്കി മാറ്റുന്നത്. ആരാണോ ഉണ്ടാക്കുന്നത് അവരാണ് പിന്നീട് രാജ്യം ഭരിക്കുക. എല്ലാവരും സ്വർഗ്ഗത്തിന്റെ അധികാരിയായി മാറുമെന്നല്ല. ആരാണോ പൂർണ്ണ നരകവാസി, ആരാണോ ദ്വാപരയുഗം മുതൽ ഭക്തി ചെയ്തത് അവരാണ് സ്വർഗ്ഗവാസിയാകുന്നത്. ബാക്കി എല്ലാവരും കടുക് പോലെ ചതഞ്ഞരഞ്ഞ് മരിക്കും, ആത്മാക്കൾ തിരിച്ച് ബാബയുടെ അടുത്തേയ്ക്ക് പോകും. എത്ര വലിയ വിനാശമാണ് നടക്കേണ്ടത്! ഇപ്പോഴാണെങ്കിൽ വളരെയധികം പ്രജകളുണ്ട്. എത്രപേരെ ഇരുന്ന് എണ്ണും. കൃത്യമായി എണ്ണാൻ പോലും സാധിക്കില്ല. ലോകത്ത് എത്ര മനുഷ്യരാണുള്ളത്. ഇതെല്ലാം അവസാനിക്കും. കുട്ടികൾക്ക് പേരാൽ വൃക്ഷത്തിന്റെ ഉദാഹരണം കൃത്യമായി പറഞ്ഞുതന്നിട്ടുണ്ട്. കൽക്കത്തെയിൽ വളരെ വലിയ വൃക്ഷമുണ്ട് അതിന് തടിമരമില്ല, എന്നാൽ ബാക്കി മുഴുവൻ വൃക്ഷത്തിന്റെ ഭാഗങ്ങളും നിൽക്കുന്നുണ്ട്. ഇപ്പോൾ ദേവീദേവതാ ധർമ്മവുമുണ്ട് എന്നാൽ അതിന്റെ പേര് പ്രായലോപമായിരിക്കുന്നു. തടിമരമേയില്ല എന്ന് പറയാൻ കഴിയില്ല നിൽക്കണമെങ്കിൽ എന്തെങ്കിലും പേരിന്  ബാക്കിയുണ്ടാകണമല്ലോ. പ്രായലോപം എന്നതിന്റെ അർത്ഥം ബാക്കി കുറച്ചുണ്ട് എന്നാണ്. ചിത്രമുണ്ട്. ഭാരതത്തിൽ ലക്ഷ്മീ നാരായണൻ രാജ്യം ഭരിച്ചിരുന്നു. ഇത് വളരെ സഹജമാണ് എന്നാൽ മായാ രാവണൻ ബുദ്ധിയെ പൂട്ടിയിരിക്കുകയാണ്. പരമപിതാ പരമാത്മാവാണ് ബുദ്ധിവാന്മാരുടേയും ബുദ്ധി. മനുഷ്യരിൽ ബുദ്ധിയുണ്ട് എന്നാൽ പൂട്ടിയിരിക്കുന്നു. കല്ലുബുദ്ധികളായിരിക്കുന്നു. ഇപ്പോൾ ബാബ വീണ്ടും നിങ്ങളെ പവിഴബുദ്ധിയാക്കി മാറ്റുകയാണ്. ആത്മാവിനെയാണ് ആക്കി മാറ്റുന്നത്. ബുദ്ധി ആത്മാവിലാണല്ലോ ഉള്ളത്. നീ കല്ലുബുദ്ധിയാണ്, പോത്തിന്റെ ബുദ്ധിയാണ് എന്നൊക്കെ പറയാറില്ലേ. ഇവിടെയും അങ്ങിനെതന്നെയാണ്. എത്രയൊക്കെ മനസ്സിലാക്കിക്കൊടുത്തിട്ടും മനസ്സിലാക്കുന്നില്ല, ശ്രീമത്തിലൂടെ നടക്കുന്നില്ല. സദാ ബാബ ശ്രീമതം നൽകുന്നുണ്ട്– കുട്ടികളേ, അന്ധന്മാരുടെ ഊന്നുവടിയായി മാറു. കേൾക്കുകയും കേൾപ്പിക്കുകയും വേണം അതുകൊണ്ട് ചിലപ്പോൾ ദൂരേയ്ക്ക് പോകേണ്ടിവരും, ഒരു സ്ഥലത്തുതന്നെ ഇരിക്കരുത്.

ഇപ്പോൾ നിങ്ങൾ ജ്ഞാനവും യോഗവും പഠിക്കുകയാണ്. ഇവിടെ നിങ്ങൾ ശിവബാബയുടെ സന്മുഖത്ത് ഇരിക്കുകയാണ്. സമ്പത്ത് എടുക്കുന്നതിനുവേണ്ടി സഹജരാജയോഗം പഠിക്കുകയാണ്. നിങ്ങൾ വന്നിരിക്കുന്നത് വിഷ്ണുപുരിയുടെ രാജധാനി നേടാനാണ്. വിഷ്ണുവിന്റെ വിജയമാല ഉണ്ടാകും. ഇപ്പോൾ

നിങ്ങൾ ഡ്രാമയുടെ രഹസ്യത്തെ നല്ലരീതിയിൽ മനസ്സിലാക്കി. നിങ്ങൾക്ക് അറിയാം ദൈവീകപരമ്പര ഉണ്ടായിരുന്നു. സത്യയുഗത്തിന്റെ തുടക്കത്തിൽ രാജാവും റാണിയും ഉണ്ടായിരുന്നു. ഇപ്പോൾ കലിയുഗ ത്തിന്റെ അന്ത്യത്തിൽ ആരെയും രാജാവ് റാണി എന്നു പറയാൻ കഴിയില്ല. പക്ഷേ ഗവൺമെന്റിനെ സഹാ യിക്കുകയാണെങ്കിൽ മഹാരാജാവ് എന്ന ടൈറ്റിൽ ലഭിക്കുന്നു. ആ ഗവൺമെന്റും ടൈറ്റിൽസ് നൽകിയി രുന്നു റാവു സാഹേബ്, റാവു ബഹുദൂർ എന്നൊക്കെ. ഇപ്പോൾ നിങ്ങൾക്ക് പ്രാക്ടിക്കലിൽ വലിയ ടൈറ്റിൽ ലഭിക്കുകയാണ്. നിങ്ങൾ ഹെർ ഹോളിനെസ്സ്, ഹിസ്സ് ഹോളിനെസ്സ് മഹാരാജാവും മഹാറാണിയുമായി മാറും. നിങ്ങൾക്ക് ഇരട്ടക്കിരീടമാണുള്ളത്. ആദ്യം പവിത്രമായ രാജ്യമായിരിക്കും പിന്നീട് അത് അപവി ത്രരാജ്യമാകുന്നു. ഇപ്പോൾ വീണ്ടും അപവിത്രം, രാജ്യമേയില്ല. പ്രജകൾ പ്രജകളെ ഭരിക്കുകയാണ്. ഡ്രാമയെ മനസ്സിലാക്കണം. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണക്കുള്ള മുഖ്യ സാരം:-

1) ദിവസവും ജ്ഞാനാമൃതത്തിന്റെ മാനസരോവരത്തിൽ സ്നാനം ചെയ്ത് ആത്മാവ്, ശരീരം രണ്ടി നേയും പവിത്രമാക്കി മാറ്റണം. മായയുടെ മതത്തെ ഉപേക്ഷിച്ച് ബാബയുടെ മതപ്രകാരം നടക്കണം.

2) ഇത് അമൂല്യമായ സംഗമത്തിന്റെ സമയമാണ്, ഈ സമയത്ത് ശ്രീമത്തിലൂടെ നടന്ന് സേവനം ചെയ്യ ണം. സത്യമായ വ്യാസനായി മാറി സത്യമായ ഗീത കേൾക്കുകയും കേൾപ്പിക്കുകയും വേണം. രൂപബസ ന്തരായി മാറണം.

## വരദാനം:- അനേക പ്രകാരത്തിലുള്ള അഗ്നിയിൽ നിന്ന് രക്ഷപ്പെടുകയും രക്ഷപ്പെടു ത്തുകയും ചെയ്യുന്ന സത്യമായ ദായാഹൃദയരായി ഭവിക്കൂ

ഇന്നത്തെ മനുഷ്യൻ അനേക പ്രകാരത്തിലുള്ള അഗ്നിയിൽ ജ്വലിച്ചുകൊണ്ടിരിക്കുകയാണ്, അനേക പ്രകാ രത്തിലുള്ള ദുഃഖം, ചിന്തകൾ, സമസ്യകൾ.... ഭിന്ന-ഭിന്ന പ്രകാരത്തിലുള്ള ഈ മുറിവ് ഏതൊന്നാണോ ആത്മാവിന് ഏൽക്കുന്നത്, ഈ അഗ്നി ജീവിച്ചിരിക്കെ എരിയുന്നതിന്റെ അനുഭവം ചെയ്യിക്കുന്നു. എന്നാൽ താങ്കൾ ഇങ്ങനെയുള്ള ജീവിതത്തിലൂടെ കടന്ന് ശ്രേഷ്ഠ ജീവിതത്തിലേക്ക് വന്നിരിക്കുന്നു, താങ്കൾ ശീതള സാഗരത്തിന്റെ തീരത്താണ് ഇരിക്കുന്നത്. അതീന്ദ്രിയ സുഖം, ശാന്തിയുടെ പ്രാപ്തിയിൽ ലയിച്ചിരിക്കു ന്നു, അതുകൊണ്ട് ദയാഹൃദയരായി മറ്റ് ആത്മാക്കളെയും അനേക പ്രകാരത്തിലുള്ള അഗ്നിയിൽ നിന്ന് രക്ഷിക്കൂ. ഓരോ തെരുവിലും ജ്ഞാന സ്ഥാനമുണ്ടാക്കി എല്ലാവർക്കും ലക്ഷ്യസ്ഥാനം നൽകൂ.

## സ്ലോഗൻ:- ആർക്കാണോ ഒരു ബാബയോട് സത്യമായ പ്രീതിയുള്ളത് അവർക്ക് അശരീ രിയാകുന്നത് സഹജമാണ്.